ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 19.07.2024** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1.) ദുരന്തനിവാരണ നിയമ ഭേദഗതി ഉൾപ്പെടെ ആറ് ബില്ലുകൾ പാർലമെന്റിന്റെ വർഷകാല സമ്മേളനത്തിൽ കേന്ദ്രസർക്കാർ അവതരിപ്പിക്കും.

**Government to introduce six new bills, including one to amend disaster management law, in Monsoon Session of Parliament beginning next week.**

2.) വടക്കൻ കേരളത്തിൽ ശക്തമായ മഴയിൽ വ്യാപക നാശനഷ്ടം ; കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർകോട് ജില്ലകളിൽ ഇന്നും ഓറഞ്ച് ജാഗ്രത.

**Heavy rainfall caused widespread damages across northern Kerala ; IMD issued orange alert in 4 districts.**

**3.)** കോഴിക്കോട് സ്വദേശിയെ കർണാടകയിൽ മണ്ണിടിച്ചിലിനിടെ കാണാതായ സംഭവത്തിൽ അടിയന്തര ഇടപെടലിന് നിർദ്ദേശം നൽകി മുഖ്യമന്ത്രി പിണറായി വിജയൻ.

**Rescue operations underway for Kozhikode man trapped in Karnataka landslide. Kerala Chief Minister Pinarayi Vijayan given direction to Chief Secretary for urgent intervention.**

4.) ഉത്തർപ്രദേശിലെ ഗോണ്ടയിൽ ട്രെയിൻ അപകടത്തിൽ മരിച്ചവരുടെ എണ്ണം നാലായി.

**In Uttar Pradesh, death toll mounted to four in Gonda rail accident.**

5.) വാഹനങ്ങളുടെ മുൻവശത്ത് ഫാസ്ടാഗ് ഘടിപ്പിക്കാത്തവരിൽ നിന്ന് ഇരട്ടി ടോൾ ഈടാക്കുമെന്ന് മുന്നറിയിപ്പ് നൽകി ദേശീയപാതാ അതോറിറ്റി.

**National Highways Authority of India (NHAI) will charge double toll from vehicles with Non-affixed FASTag on front windshield.**

6.) ഏഷ്യാ കപ്പ് വനിതാ ട്വന്റി- 20 ക്രിക്കറ്റിന് ശ്രീലങ്കയിൽ ഇന്ന് തുടക്കം ; ഗ്രൂപ്പ് മത്സരത്തിൽ ഇന്ത്യ ഇന്ന് പാകിസ്ഥാനെ നേരിടും.

**In the Women's Asia Cup Cricket T20, defending champions India will kick off their campaign against arch-rivals Pakistan today in Sri Lanka.**

****************************

## PARLIAMENT BILL

ദുരന്തനിവാരണ നിയമ ഭേദഗതി ഉൾപ്പെടെ ആറ് ബില്ലുകൾ പാർലമെൻറിൻറെ വർഷകാല സമ്മേളനത്തിൽ കേന്ദ്രസർക്കാർ അവതരിപ്പിക്കും. വ്യോമയാന മേഖലയിലെ വാണിജ്യ നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനുള്ള, ഭാരതീയ വായുയാൻ വിധേയക് ബില്ലും ഇതിൽ ഉൾപ്പെടുന്നു. 1934- ലെ എയർക്രാഫ്റ്റ് ആക്റ്റിന് പകരമാണ് ബിൽ കൊണ്ടുവരുന്നത്. തിങ്കളാഴ്ചയാണ് പാർലമെൻറിൻറെ വർഷകാലസമ്മേളനത്തിന് തുടക്കമാവുന്നത്. കേന്ദ്ര ബജറ്റ് ധനമന്ത്രി നിർമലാ സീതാരാമൻ ചൊവ്വാഴ്ച അവതരിപ്പിക്കും.

****************************

## KERALA RAIN

വടക്കൻ കേരളത്തിൽ കനത്ത നാശം വിതച്ച് മഴ തുടരുന്നു. സംസ്ഥാനത്ത് 62 ദുരിതാശ്വാസ ക്യാമ്പുകളിലായി 1,473 പേരെ മാറ്റിപ്പാർപ്പിച്ചു. 11 വീടുകൾ പൂർണ്ണമായും 323 വീടുകൾ ഭാഗികമായും തകർന്നിട്ടുണ്ട്. കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർകോട് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത

പ്രഖ്യാപിച്ചിരിക്കുകയാണ്. ന്യൂനമർദ്ദത്തിൻറെ സ്വാധീനത്താൽ സംസ്ഥാനത്ത് വരുംദിവസങ്ങളിലും മഴ തുടരുമെന്നാണ് കാലാവസ്ഥാ മുന്നറിയിപ്പ്. വയനാട്, കണ്ണൂർ, പാലക്കാട് ജില്ലകളിൽ പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഇന്ന് അവധിയാണ്. കോഴിക്കോട്, കാസർകോട് ജില്ലകളിൽ കോളേജുകൾ ഒഴികെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അവധി നൽകിയിട്ടുണ്ട്.

***************************

## RAIN – KANNUR … INTRO

ഓറഞ്ച് ജാഗ്രത നിലനിൽക്കുന്ന കണ്ണൂർ ജില്ലയിൽ മഴക്കെടുതികൾ തുടരുകയാണ്. ജില്ലയിൽ നാല് ദുരിതാശ്വാസ ക്യാമ്പുകളാണ് പ്രവർത്തിക്കുന്നത്.

**വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഓ ശശിധരൻ.....**

(വോയ്സ്)

***************************

## RAIN DISTRICT

ശക്തമായ മഴയെ തുടർന്ന് കോഴിക്കോട് ജില്ലയിൽ വ്യാപക നാശനഷ്ടം. ജലനിരപ്പ് ഉയർന്നതോടെ കക്കയം ഡാമിൽ ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. വയനാട്ടിൽ നാല് ദിവസമായി പെയ്യുന്ന മഴയ്ക്ക് ഇന്ന് നേരിയ ശമനമായിട്ടുണ്ട്. എന്നാൽ റോഡുകളിൽ വെള്ളം കയറിയതിനാൽ വിവധയിടങ്ങളിൽ ഗതാഗത തടസ്സപ്പെട്ട നിലയിലാണ്. കാസർഗോഡ് ജില്ലയിൽ കഴിഞ്ഞ അഞ്ച് ദിവസമായി പെയ്യുന്ന കനത്ത മഴയിൽ വൻ നാശനഷ്ടമാണ് റിപ്പോർട്ട് ചെയ്യിരിക്കുന്നത്. കർണ്ണാടക വനത്തിലുണ്ടായ ഉരുൾപൊട്ടലിനെ തുടർന്ന് ഇന്നലെ ജില്ലയിലെ നിരവധി വീടുകളിൽ വെള്ളം കയറി. ഇടുക്കിയിൽ ഇന്ന്

രാവിലെ മുതൽ മഴയ്ക്ക് നേരിയ ശമനമായിട്ടുണ്ട്. എന്നാൽ ഡാമുകളിൽ ജലനിരപ്പ് ഉയരുകയാണ്.

****************************

## KOZHIKODE MISSING

കോഴിക്കോട് സ്വദേശിയായ ലോറി ഡ്രൈവർ അർജുനെ കർണ്ണാടകയാത്രയ്ക്കിടെ കാണാതായെന്ന് പരാതി. ശക്തമായ മഴയിൽ കർണ്ണാടകയിലെ അംഗോളയിൽ മണ്ണിടിച്ചിലിനെ തുടർന്നാണ് ഇദ്ദേഹത്തെ കുറിച്ച് വിവരം ലഭിക്കാതായത്. നാല് ദിവസമായി ഇദ്ദേഹത്തെക്കുറിച്ച് വിവരമൊന്നും ലഭിക്കുന്നില്ല. സംഭവത്തിൽ അടിയന്തര ഇടപെടലിന് മുഖ്യമന്ത്രി പിണറായി വിജയൻ ചീഫ് സെക്രട്ടറിയ്ക്ക് നിർദേശം നൽകി. ജില്ലാ കലക്ടറുമായും പോലീസ് സൂപ്രണ്ടുമായും ചീഫ് സെക്രട്ടറി നിരന്തരം ബന്ധപ്പെടുന്നുണ്ട്.

****************************

## TRAIN DERAILMENT UPDATE

ഉത്തർപ്രദേശിലെ ഗോണ്ടയിൽ ട്രെയിൻ, പാളം തെറ്റിയുണ്ടായ അപകടത്തിൽ മരിച്ചവരുടെ എണ്ണം നാലായി. രണ്ട് പേരുടെ നില ഗുരുതരമാണ്. 30 പേർക്ക് അപകടത്തിൽ പരിക്കേറ്റിട്ടുണ്ട്. ഇന്നലെ ഉച്ചയോടെയാണ് ചണ്ഡീഗഡ് – ദിബ്രുഗഢ് എക്സ്പ്രസിന്റെ 21 കോച്ചുകൾ പാളം തെറ്റിയത്. അപകടം നടന്ന ലഖ്നൗ- ഗുവാഹത്തി റെയിൽവേ പാതയിൽ ഗതാഗതം പുനസ്ഥാപിക്കാനുള്ള പ്രവർത്തനങ്ങൾ യുദ്ധകാലാടിസ്ഥാനത്തിൽ പുരോഗമിക്കുകയാണ്.

****************************

## RANCHI –NEET PAPER LEAK

നീറ്റ്-യുജി പ്രവേശനപരീക്ഷാ ക്രമക്കേടിൽ റാഞ്ചി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിലെ വിദ്യാർത്ഥിനിയെ സിബിഐ അറസ്റ്റ് ചെയ്തു. 2023 ബാച്ചിലെ എംബിബിഎസ് വിദ്യാർത്ഥിനിയായ സുരഭി കുമാരിയാണ് അറസ്റ്റിലായത്. അവർ ഉപയോഗിച്ചിരുന്ന മൊബൈലും ലാപ്ടോപ്പും മറ്റ് ഇലക്ട്രോണിക് ഉപകരണങ്ങളും സിബിഐ പിടിച്ചെടുത്തു. ക്രമക്കേട് നടത്തിയ വിദ്യാർത്ഥികൾക്കായി ഇവർ ഉത്തരങ്ങൾ തയ്യാറാക്കിയെന്ന കണ്ടെത്തലിന്റെ അടിസ്ഥാനത്തിലാണ് അറസ്റ്റ്.

****************************

## PM- URSULA

യൂറോപ്യൻ കമ്മീഷൻ പ്രസിഡന്റായി വീണ്ടും തിരഞ്ഞെടുക്കപ്പെട്ട ഉർസുല വോൺ ഡെർ ലെയനെ അഭിനന്ദിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി. ആഗോള നന്മയ്ക്കായി ഒരുമിച്ച് പ്രവർത്തിക്കാൻ സാധിക്കുമെന്ന പ്രതീക്ഷയും ശ്രീ മോദി സമൂഹമാധ്യമത്തിൽ കുറിച്ചു. ഇത് രണ്ടാം തവണയാണ് ഉർസുല വോൺ ഡെർ യൂറോപ്യൻ കമ്മീഷൻ അധ്യക്ഷയാകുന്നത്.

****************************

## PM-MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടിയായ മൻ കി ബാത് ഈ മാസം 28ന് പ്രക്ഷേപണം ചെയ്യും. മൻ കി ബാത്തിനായി മികച്ച അഭിപ്രായങ്ങളും നിർദേശങ്ങളുമാണ് യുവജനങ്ങളിൽ നിന്നും ലഭിക്കുന്നതെന്ന് പ്രധാനമന്ത്രി സമൂഹമാധ്യമത്തിൽ കുറിച്ചു. സമൂഹത്തെ പരിവർത്തനം ചെയ്യാൻ ലക്ഷ്യമിട്ടുള്ള യുവജന പരിശ്രമങ്ങളിൽ സന്തോഷമുണ്ടെന്നും അദ്ദേഹം പറഞ്ഞു. MyGov, NaMo ആപ്പ് എന്നിവയിലൂടെ വിലയേറിയ നിർദേശങ്ങൾ പങ്കുവയ്ക്കണമെന്നും ശ്രീ മോദി അഭ്യർത്ഥിച്ചു.

**************************

## AMIT SHAH

മയക്കുമരുന്നുകളെ കുറിച്ചുള്ള വിവരങ്ങൾ നാർക്കോട്ടിക് കൺട്രോൾ ബ്യൂറോയുമായി പങ്കിടാൻ 24 മണിക്കൂറും പ്രവർത്തിക്കുന്ന ദേശീയ ഹെൽപ് ലൈൻ നിലവിൽ വന്നു. മാനസ് ഹെൽപ് ലൈനിലേക്ക് 1 9 3 3 എന്ന നമ്പരിൽ ബന്ധപ്പെടാവുന്നതാണ്. മയക്കുമരുന്ന് ഉപയോഗത്തിൽ നിന്നും മുക്തി നേടാനും, പുനരധിവാസത്തെക്കുറിച്ചും ഉപദേശം ലഭിക്കാനും ഹൈൽലൈൻറെ സഹായം തേടാം. കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷായാണ് ഹെൽപ് ലൈൻ ഉദ്ഘാടനം ചെയ്യത്.

**************************

## NHAI – DOUBLE CHARGE

വാഹനങ്ങളുടെ മുൻവശത്ത് ഫാസ്ടാഗ് ഘടിപ്പിക്കാത്തവരിൽ നിന്ന് ഇരട്ടി ടോൾ ഈടാക്കുമെന്ന് മുന്നറിയിപ്പ് നൽകി ദേശീയപാതാ അതോറിറ്റി. വാഹനങ്ങളുടെ വിൻഡ്സ്ക്രീനിൽ ബോധപൂർവം ഫാസ്ടാഗ് ഘടിപ്പിക്കാത്തത് ടോൾ പ്ലാസകളിൽ അനാവശ്യകാലതാമസത്തിന് കാരണമാകുമെന്നും, ഇത് മറ്റുള്ള ഉപയോക്താക്കൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നതായും NHAI വ്യക്തമാക്കി. ഇത് സംബന്ധിച്ച നിർദ്ദേശങ്ങൾ ടോൾ കളക്ഷൻ ഏജൻസികൾക്ക് നൽകിയതായും ദേശീയ പാതാ അതോറിറ്റി അറിയിച്ചു.

**************************

## RBI–BULLETIN

നടപ്പ് സാമ്പത്തിക വർഷത്തിന്റെ രണ്ടാം പാദത്തിൽ ഇന്ത്യൻ സമ്പദ് വ്യവസ്ഥ വേഗത്തിലുള്ള വളർച്ചയുടെ ലക്ഷണങ്ങൾ കാണിക്കുന്നതായി റിസർവ് ബാങ്ക് ഓഫ് ഇന്ത്യ. കാർഷിക മേഖലയും, ഗ്രാമീണ മേഖലയിലെ ക്രയവിക്രയങ്ങളും

മെച്ചപ്പെട്ടതാണ് അനുകൂലമായ മാറ്റങ്ങൾക്ക് കാരണം. തൊഴിലുറപ്പ് പദ്ധതിയുൾപ്പെടെയുള്ള ഘടകങ്ങൾ ഗ്രാമീണ മേഖലയിലെ വരുമാന വർദ്ധനയ്ക്ക് കാരണമായതായും റിപ്പോർട്ടിൽ പറയുന്നു.

****************************

## WOMEN CRICKET

ഏഷ്യാ കപ്പ് വനിതാ ട്വൻറി- 20 ക്രിക്കറ്റിന് ശ്രീലങ്കയിൽ ഇന്ന് തുടക്കം. ഉച്ചയ്ക്ക് രണ്ടുമണിക്ക് ആരംഭിക്കുന്ന ഉദ്ഘാടന മത്സരത്തിൽ യു.എ.ഇ-യും നേപ്പാളും ഏറ്റുമുട്ടും. രാത്രി 7 ന് നടക്കുന്ന രണ്ടാം മത്സരത്തിൽ നിലവിലെ ചാമ്പ്യൻമാരായ ഇന്ത്യ, പാകിസ്ഥാനെ നേരിടും. എട്ട് രാജ്യങ്ങളാണ് ടൂർണമെൻറിൽ പങ്കെടുക്കുന്നത് .

****************************

## OLYMPICS

പാരീസ് ഒളിമ്പിക്സിനായി വിവിധ രാജ്യങ്ങളിൽ നിന്നും കായികതാരങ്ങൾ ഫ്രാൻസിലേക്ക് എത്തിത്തുടങ്ങി. അന്താരാഷ്ട്ര ഒളിമ്പിക് സമിതി പ്രസിഡൻ്റ് തോമസ് ബാക്ക് കായികപ്രതിഭകളെ പാരിസിലേക്ക് സ്വാഗതം ചെയ്തു. 10,500 ഓളം അത്ലറ്റുകളാണ് ഇക്കുറി ഒളിമ്പിക്സിൽ പങ്കെടുക്കുന്നത്. ഈ മാസം 26 മുതൽ ഓഗസ്റ്റ് 11 വരെയാണ് പാരീസ് ഒളിമ്പിക്സ്.

****************************

## KHELO INDIA

കായിക പ്രതിഭകളെ ചെറുപ്രായത്തിൽതന്നെ കണ്ടെത്താനുള്ള ഖേലോ ഇന്ത്യ റൈസിംഗ് ടാലൻ്റ് ഐഡൻ്റി ഫിക്കേഷൻ പദ്ധതി - കീർത്തിയുടെ രണ്ടാം ഘട്ടത്തിന് തുടക്കമായി. കേന്ദ്ര മന്ത്രി മൻസുഖ് മാണ്ഡവ്യ ന്യൂഡൽഹിയിൽ പരിപാടി ഉദ്ഘാടനം ചെയ്തു.

****************************

## BANGLADESH

തൊഴിൽ സംവരണത്തിനെതിരായി ബംഗ്ലദേശിൽ തുടരുന്ന വിദ്യാർത്ഥി പ്രതിഷേധത്തിൽ വ്യാപക സംഘർഷം. ധാക്കയുൾപ്പെടെ വിവിധയിടങ്ങളിൽ അക്രമസംഭവങ്ങൾ റിപ്പോർട്ട് ചെയ്തു. 1971 ലെ ബംഗ്ലദേശ് വിമോചന സമരത്തിൽ പങ്കെടുത്തവരുടെ ബന്ധുക്കൾക്ക് സർക്കാർ ജോലികളിൽ സംവരണം നൽകുന്നതിന് എതിരെയാണ് പ്രതിഷേധം. അക്രമസംഭവങ്ങളെ നേരിടാൻ സുരക്ഷാസേനയെ വിന്യസിച്ചതിന് പുറമേ, മൊബൈൽ ഇന്റർനെറ്റ് നിരോധനമുൾപ്പെടെയുള്ള നടപടികളും ഭരണകൂടം സ്വീകരിച്ചിട്ടുണ്ട്.

****************************

## US-TRUMP

തിരഞ്ഞെടുപ്പ് പ്രചാരണത്തിനിടെ തനിയ്ക്കുനേരെയുണ്ടായ വധശ്രമത്തിൽ പ്രതികരണവുമായി യു.എസ് മുൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ്. ദൈവത്തിന്റെ ഇടപെടലാണ് തന്റെ ജീവൻ തിരിച്ചുനൽകിയതെന്നും, താൻ പ്രസിഡന്റ് സ്ഥാനത്തേക്ക് മത്സരിക്കുന്നത് മുഴുവൻ അമേരിക്കയ്ക്കും വേണ്ടിയാണെന്നും ട്രംപ് വ്യക്തമാക്കി. പ്രസിഡൻറ് സ്ഥാനത്തേക്കുള്ള റിപ്പബ്ലിക്കൻ നാമനിർദ്ദേശം ഔദ്യോഗികമായി സ്വീകരിച്ചുകൊണ്ട് മിൽവോക്കിയിൽ പ്രചാരണ പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

****************************

**********************************************************************************

****************************